(സി) അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്നതുൾപ്പെടെ വിപണിയിൽ ലഭ്യമായ എല്ലാത്തരം പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും പരിധിയിൽ കവിഞ്ഞ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന പക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്.

വളർത്തുമൃഗങ്ങളെ വാങ്ങാൻ സർക്കാരിൽനിന്നും വായ്പ

163 (4201) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് ഉപജീവനത്തിനായി ആട്, മാട്, കോഴി, മുയൽ മുതലായവയെ വളർത്തി ജീവിക്കുന്നതിനായി എന്തെങ്കിലും വായ്പകൾ നൽകുന്നുണ്ടോ ;

(ബി) മൃഗസംരക്ഷണ വകുപ്പാണോ ഈ പദ്ധതി നടപ്പാക്കുന്നത് ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വായ്പ നൽകുന്നതിന്റെ മാനദണ്ഡം എങ്ങനെയെന്ന് വിവരിക്കുമോ ;

(ഡി) അർഹതപ്പെട്ടവർക്ക് വളർത്തുമൃഗങ്ങളെ സർക്കാരിൽനിന്നും യഥേഷ്ടം നൽകുവാൻ പദ്ധതിയുണ്ടോയെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പുവഴി വായ്പകൾ ഒന്നുംതന്നെ നൽകുന്നില്ല.

(ബി) അല്ല.

(സി) ബാധകമല്ല.

(ഡി) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കന്നുകാലിഫാം, ആട് വളർത്തൽ ഫാമുകൾ, പന്നി ഫാമുകൾ, കോഴി ഫാമുകൾ, താറാവ് വളർത്തൽ ഫാം, ടർക്കി ഫാം എന്നിവിടങ്ങളിൽനിന്നും ഫാമുകളിലെ ലഭ്യതയനുസരിച്ച് ഉത്പാദനക്ഷമത കൂടിയ വളർത്തുപക്ഷികളെയും വളർത്തുമൃഗങ്ങളെയും മിതമായ വിലയ്ക്ക് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly